# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത  
ചോദ്യം നമ്പർ:6283

20.11.2019-ലെ മറുപടി

## അമര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ തൃക്കൊടിത്താനം പഞ്ചായത്തിലെ അമര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ഓവർഹെഡ് ടാങ്കിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തി തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് തുക ഉപയോഗിച്ചാണ് ചെയ്യപ്പെടുന്നത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്. ജലസംഭരണിയുടെ ഡിസൈനും (ജല അതോറിറ്റിയുടെ ഡിസൈൻ വിഭാഗമായ വാസ്കോൺ അംഗീകരിച്ച), ജലസംഭരണി നിർമ്മിക്കാനാവശ്യമായ സ്ഥലവും കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. ഡിസൈൻ പ്രകാരം കോൺക്രീറ്റിന്റെ മിക്സ് ഡിസൈൻ ചെയ്തു കിട്ടുന്നതിനും കൂടാതെ കമ്പിയുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുമായി കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നൽകിയിരിക്കുകയാണ്. പ്രാഥമിക ജോലികളായ സെറ്റ് ഔട്ടും എർത്ത് വർക്ക് എക്സ്കവേഷനും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും പരിശോധനാഫലം ലഭ്യമായ ശേഷം ബാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) | ജൂലൈ മാസം 2020- ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിലേക്ക് അവലോകന യോഗം നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ